പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 3187 **18.10.2016 ൽ മറുപടിയ്ക്ക്**

പൊതുസ്ഥാപനങ്ങളിൽ സോളാർ പാനലുകൾ

ചോദ്യം			ഉത്തരം
ശ്രീ. ടി.വി. ഇബ്രാഹിം			ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)
(എ)	സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ;	(എ)	നിലവിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കി വരുന്ന സൗര മേൽക്കൂര വൈദ്യുതനിലയ പദ്ധതി ഇതിനോടകം തന്നെ ഒട്ടനവധി സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗരവൈദ്യുതോത്പാദന നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷ അനെർട്ടിൽ സമർപ്പിച്ച് രജിസ്റ്റർ ചെയ്തുകൊണ്ട് അനെർട്ട് അംഗീകരിച്ചിട്ടുള്ള കമ്പനികൾ വഴിയാണ് ഈ പദ്ധതികളിൽ നിലയങ്ങൾ സ്ഥാപിക്കേണ്ടത്. ഇതിനുപുറമെ സ്ഥാപനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അനെർട്ടിന്റെ സാങ്കേതിക കൺസൾട്ടൻസി സഹായം മാത്രം ഉപയോഗപ്പെടുത്തിയോ പദ്ധതി ചെലവും കൈകാര്യ ചെലവായ 10% തുകയും പൂർണ്ണമായി അനെർട്ടിൽ അടച്ച് ഡെപ്പോസിറ്റ് വർക്കായോ സ്വന്തമായി സൗരവൈദ്യുതോത്പാദന നിലയം സ്ഥാപിച്ച് അംഗീകൃത സബ്സിഡി ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്. സംസ്ഥാനത്തിന്റെ സ്ഥാപിത ശേഷിയിൽ 15 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി. 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

			യിൽ അപേക്ഷിക്കുന്നവർക്ക് കേന്ദ്ര സർക്കാർ ധനസഹായമായി പരമാവധി 24,000/- രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 10,000/- രൂപയും പ്രതി കിലോവാട്ടിന് ലഭ്യമാക്കുന്നതാണ്. അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് നൽകി രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് അനെർട്ട് പ്രാരംഭ പഠനത്തിനുള്ള അനുമതി നൽകുകയും അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകുന്നതാണ്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നവർ വിതരണ ലൈസൻസിയുടെ ശൃംഖലാബന്ധനത്തിനുള്ള അനുമതിയും ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ KSEBL- ൽ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ഹോസ്പിറ്റലുകൾ, തരിശ് ഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 20.33 മെഗാവാട്ടിന്റെ പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ, മറ്റ് ഓഫീസുകൾ ഇവയുടെ റൂഫ് ടോപ്പിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ലാഭപ്രഭയിൽ സമ്മാനാർഹരായ 8 സ്കൂളുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ 17 കെട്ടിടങ്ങളുടെ മുകളിൽ 0.665 മെഗാവാട്ട് സ്ഥാപിച്ച് കഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ-ന്റെ തന്നെ 39 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ-ന്റെ മറ്റ് 49 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുമുള്ള ടെൻഡർ നടപടി പുരോഗമിക്കുന്നു.

(ബി)	കെ.എസ്. ഇ. ബി യുടെ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കെട്ടിടങ്ങളിലാണ് ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?	(ബി)	തീരുമാനിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ആഫീസർ

ഭരണാനുമതി
ബി.ഒ.(എഫ്.ടി.ഡി.) No. 3187

Anx 1

	Name of Location	Capacity kW
1	110 kV Substation, Manjeswaram	20
2	110 kV Substation, Kanchangad	20
3	110 kV Substation, Iritty	20
4	110 kV Substation, Panoor	20
5	110 kV Substation, Mangad	20
6	110 kV Substation, Ezhimala	20
7	Mananthavady Division /15	15
8	Vydyuthi Bhavan, Vadakara	20
9	Vydyuthi Bhavanam, Kozhikkode	40
10	Control room at Chevayur	10
11	Chevayur S/s Colony D type & E type Qtrs	15
12	Control room at 110kV GIS S/S Gandhi road	20
13	110kV S/s Chakkittapara Control Room	10
14	110kV S/s Chakkittapara D type Quarters	10
15	33 kV Feroke S/S Control Room	15
16	110KV Substation Kuttippuram	20
17	110 kV S/s Pathiripala	20
18	110 kV S/s Cherpulassery	20
19	220 kV Palakkad Dormitory	10
20	TC Plkd Circle office O/o DCE/TC/Plkd	25
21	TC Plkd Circle office Opposite to the O/o DCE/TC/Plkd	20
22	110KV S/S Kollengode	20
23	110KV S/S Kozhinjampara	20
24	66 kV Substation Kozhinjampara (Decommissione	25
25	Electrical Section, Kozhinjampara	20
26	Vydyuthibhavanam rooftop project at TVM	30
27	66 kV S/S, Kuravilangadu	15
28	110 kV Substation, Kozhencherry	15
29	66 kV S/S, Thiruvalla	15
30	Vydyuthi Bhavanam, Pathanamthitta	25
31	110 kV Substation, Kavanad	20
32	66kV S/S, Neyyattinkara	15
33	66KV S/s Balaramapuram	15
34	110kV Substation, Nedumangad	15
35	66kV Substation, Vattiyoorkavu	15
36	IB, Paruthippara	35
37	Power House, Tvpm	10
38	Vydyuthi Bhavanam, Pattom Loc 2	30
39	110 kV Substation, Ollur	20
40	110 kV Substation, Wadakkanchery	15
41	110 kV Substation, Ayyampuzha	20
42	66 kV S/S, Angamaly	30
43	110 kV Substation, Rayonpuram	15
44	110 kV Substation, Myloor	20
45	110 kV Substation, Vyttila (110kV Kadavanthara)	25
46	66 kV S/S, Kakkanad (110kV Kandadnad)	25
47	66 kV S/S, Alappuzha	15
48	110 kV Substation, Mavelikkara	20
49	110 kV Substation, Udumbanoor	15

Anx 2

	Name of Location	Capacity kW
1	Idamalayar Power house	55
2	Lower periyar power House	65
3	Malankara Power House	30
4	Inspection Bunglow at Moolamattom	20
5	Kakkad power house	40
6	Kallada power house	30
7	Sabarigiri power house	55
8	KHEP	55
9	KES/KAES & KTR	100
10	Chembukkadavu 1	35
11	Chembukkadavu 2	20
12	Urumi 1	30
13	Urumi 2	35
14	Poozhithode	35
15	Poringalkuthu	35
16	KDPP	35
17	NES Meencut	25

Sl. No	Name of Location	Capacity
1	220kV Substation, Pothencode	35
2	66 kV Substation, Veli	20
3	110kV Paruthippara	30
4	66 kV Substation, GIS Power house Control room	25
5	66 kV Substation, GIS LA Complex Control room	25
6	220 kV Substation, Kattakkada	20
7	220 kV Substation, Kundara	30
8	220 kV Substation, Edappon	30
9	110 kV Substation,Thycattusserry	20
10	TRU and O/o CE (Thermal)	40
11	220 kV Substation, New Control Room, New Pallom	20
12	220 kV Substation, Areekode	30
13	220 kV Substation, Malaparamba	20
14	110 kV Substation, Kunnamangalam	20
15	Control room at 220 kV Substation, Orkattery	35
16	Control room at 220 kV Substation, Nallalam	35
17	ULDC Building	35
18	220 kV Substation, Mylatty	30
19	220 kV Substation, Kanjhirode	35
20	220 kV Substation, Palakkad	35
21	110 kV Substation, Kanjikode	25
22	110 kV Substation, Pathanamthitta	25
23	110 kV Substation, Viyyur	20
24	400 kV Substation, Madakkathara office & main control room	150
25	Mini Control room & Worksho,p Madakkathara	45
26	220 kV Substation, Brahmapuram	55
27	220 kV Substation, Ambalamugal G/F	20
28	Vydyuthi Bhavanam, Thrissur	45
29	Vydyuthi Bhavanam, Manjeri	55
30	Vydyuthi Bhavanam, Thodupuzha	25
31	Section & Sub Division Beach	20
32	Kesavadasapuram Office building	25
33	TMR Thirumala	35
34	Vydyuthi Bhavanam, Kattarakkara	80
35	Vydyuthi Bhavanam, Pathanamthitta	45
36	Mini Vydyuthi Bhavanam, Chathannur	25
37	Electrical Division, Kundara	25
38	Electrical Division, Kollam	35
39	Mini Vydyuthi Bhavanam, Karunagappally	45